**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 767** **17-09-2025 - ൽ മറുപടിയ്ക്ക്**

**ഹ്രസ്വകാല വൈദ്യുതി കരാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ചാണ്ടി ഉമ്മൻ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഹ്രസ്വകാല വൈദ്യുതി കരാറിന് കെ.എസ്.ഇ.ബി.ക്ക് റെഗുലേറ്ററി കമ്മീഷൻ അനുമതി ലഭ്യമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | 2025 ആഗസ്റ്റ് മുതൽ 2026 മെയ് വരെയുള്ള മാസങ്ങളിലെ അധിക വൈദ്യുതി ആവശ്യകത വിലയിരുത്തി ഈ മാസങ്ങളിൽ വൈദ്യുതി ക്ഷാമം ഉണ്ടാകാതിരിക്കാനുള്ള നടപടികൾ 2025 മെയ് മുതൽ തന്നെ കെ.എസ്.ഇ.ബി.എൽ സ്വീകരിച്ചിരുന്നു.<br><br>ഈ നടപടിയുടെ ഭാഗമായി 2025-26 സാമ്പത്തിക വർഷത്തിൽ നാളിതു വരെയായി ഹ്രസ്വകാല വൈദ്യുതിക്ക് വേണ്ടിയുള്ള രണ്ട് ടെൻഡറുകൾ ആണ് കെഎസ്ഇബിഎൽ ക്ഷണിച്ചിട്ടുണ്ടായിരുന്നത്. ഇതിൽ ആദ്യത്തെ ടെൻഡറിന് ഭാഗിക അനുമതിയും രണ്ടാമത്തെ ടെൻഡറിന് പൂർണ്ണ അനുമതിയും സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ നൽകിയിട്ടുണ്ട്. |
| (ബി) | ഇതിനായി റഗുലേറ്ററി കമ്മീഷന് അപേക്ഷ നൽകിയത് എന്നാണെന്നും ഇതിൽ പാലിക്കപ്പെടേണ്ട എല്ലാ നിബന്ധനകളും പാലിച്ചാണോ അപേക്ഷ നൽകിയതെന്നും അറിയിക്കുമോ; | (ബി) | മേൽ സൂചിപ്പിച്ച രണ്ടു ടെൻഡറുകളും യഥാക്രമം 08.07.2025 നും 29.07.2025 നും നടപടിക്രമങ്ങൾ എല്ലാം പാലിച്ച് അനുമതിക്കായി റെഗുലേറ്ററി കമ്മീഷനെ സമീപിച്ചിട്ടുണ്ടായിരുന്നു. |
| (സി) | അപേക്ഷ ലഭിച്ചതിനു ശേഷം കുറവുകൾ പരിഹരിക്കുന്നതിന് റഗുലേറ്ററി കമ്മിഷൻ ആവശ്യപ്പെട്ടിരുന്നോ; ഏത് നിരക്കിൽ കരാറിലേർപ്പെടുന്നതിനാണ് അനുമതി തേടിയത്; വിശദമാക്കുമോ; | (സി) | സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ ഭാഗിക അനുമതി നൽകിയ 07.08.2025 ലെ ഉത്തരവ് പ്രകാരം 2025 സെപ്റ്റംബർ മുതൽ ഡിസംബർ വരെയും 2026 മാർച്ച് മാസത്തേയും വൈദ്യുതി നിരക്ക് അംഗീകരിച്ചിട്ടുണ്ട്. എന്നാൽ സംസ്ഥാനത്ത് വൈദ്യുതി ഉപഭോഗം കൂടി നിൽക്കുന്ന വേനൽ മാസങ്ങളായ ഏപ്രിൽ, മേയ് മാസങ്ങളിലേക്കുള്ള വൈദ്യുതി വാങ്ങലിന്റെ അനുമതിക്കായി സംസ്ഥാനത്തെ സെപ്റ്റംബർ 2025 മുതൽ 2026 മെയ് വരെയുള്ള വൈദ്യുതി ആവശ്യകതയും ലഭ്യതയും സംബന്ധിച്ച പുതുക്കിയ കണക്കുകൾ നൽകാൻ കമ്മിഷൻ ആവശ്യപ്പെട്ടിട്ടുണ്ട്. ആയതു |

| | | | |
|---|---|---|---|
| | | | നൽകുന്ന മുറക്ക് അനുമതി ലഭ്യമാകും എന്നാണ് ഉത്തരവിൽ നിഷ്കർച്ചിട്ടുള്ളത്. കമ്മീഷൻ ആവശ്യപ്പെട്ട കണക്കുകൾ കെ.എസ്.ഇ. ബി.എൽ 22.08.2025 ന സമർപ്പിച്ചിട്ടുണ്ട്. ആയത് കമ്മീഷന്റെ പരിഗണനയിലാണ്. |
| (ഡി) | അനുമതി ലഭ്യമാകാത്ത പക്ഷം സംസ്ഥാനത്തുണ്ടാകുന്ന വൈദ്യുത പ്രതിസന്ധി ഏത് രീതിയിൽ തരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ ഭാഗിക അനുമതി നൽകിയ 07.08.2025 ലെ ഉത്തരവ് പ്രകാരം 2025 സെപ്റ്റംബർ മുതൽ ഡിസംബർ വരെയും 2026 മാർച്ച് മാസത്തേയും വൈദ്യുതി നിരക്ക് അംഗീകരിച്ചിട്ടുണ്ട്. എന്നാൽ സംസ്ഥാനത്ത് വൈദ്യുതി ഉപഭോഗം കൂടി നിൽക്കുന്ന വേനൽ മാസങ്ങളായ ഏപ്രിൽ, മേയ് മാസങ്ങളിലേക്കുള്ള വൈദ്യുതി വാങ്ങലിന്റെ അനുമതിക്കായി സംസ്ഥാനത്തെ സെപ്റ്റംബർ 2025 മുതൽ 2026 മെയ് വരെയുള്ള വൈദ്യുതി ആവശ്യകതയും ലഭ്യതയും സംബന്ധിച്ച പുതുക്കിയ കണക്കുകൾ നൽകാൻ കമ്മിഷൻ ആവശ്യപ്പെട്ടിട്ടുണ്ട്. ആയതു നൽകുന്ന മുറക്ക് അനുമതി ലഭ്യമാകും എന്നാണ് ഉത്തരവിൽ നിഷ്കർച്ചിട്ടുള്ളത്. കമ്മീഷൻ ആവശ്യപ്പെട്ട കണക്കുകൾ കെ.എസ്.ഇ. ബി.എൽ 22.08.2025 ന സമർപ്പിച്ചിട്ടുണ്ട്. ആയത് കമ്മീഷന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ